31.	തൊഴിൽ രഹിതവേതനം	1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ, 2 പകർപ്പുകൾ 2. എസ്.എസ്.എൽ.സി. ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡ്, ടി.സി. എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (ഒർജിനൽ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം) 3. കുടുംബവാർഷികം 12,000 രൂപയിൽ കവിയരുത്. 4. അപേക്ഷകന് 100 രൂപയിൽ കൂടുതൽ പ്രതിമാസവരുമാനം ഉണ്ടാകരുത്. 5. അപേക്ഷകന്റെ പ്രായം 21 വയസ്സ് പൂർത്തിയായിരിക്കണം. 35 വയസ്സ് കവിയരുത്. 6. എംപ്ലോയ്മെന്റ് എക്സേഞ്ചിൽ വികലാംഗർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റ് ഉണ്ടാകണം. 7. യഥാസമയം പുതുക്കാതിരുന്നാൽ പിന്നീട് രജിസ്റ്റർ ചെയ്ത 3 വർഷം കഴിഞ്ഞിരിക്കണം		45 ദിവസം
32.	സാധുക്കളായ വിധവകളായവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ, 2 പകർപ്പുകൾ 2. അപേക്ഷക വിധവയാണെന്നു തെളിയിക്കുന്നതിന് ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് 3. വിവാഹിതയാകുന്ന കുട്ടിക്ക് വിവാഹദിവസം 18 വയസ്സ് പൂർത്തിയായിരിക്കണം / ജനനസർട്ടിഫിക്കറ്റ് ഹാജരാക്കണം. 4. പെൺകുട്ടിക്കു നൽകുന്ന സമ്പത്ത് സ്വർണ്ണം, പണം ഉൾപ്പെടെ 50,000 രൂപയിൽ കവിയരുത്. ഇതു സംബന്ധിച്ച അപേക്ഷകയുടെ സത്യവാങ്മൂലം 5. പെൺകുട്ടിയുടെ ആദ്യവിവാഹത്തിനുമാത്രം 6. അപേക്ഷ പുനർവിവാഹിതയല്ലെന്നുള്ള വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം		30 ദിവസം (ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടത്)

പുറക്കാട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും ലഭിക്കുന്ന സേവനവിവരങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
		7. റേഷൻകാർഡിന്റെ പകർപ്പ് (വിവാഹിതയാകുന്ന പെൺകുട്ടി മൂന്നു വർഷമെങ്കിലും സംസ്ഥാനത്ത് സ്ഥിരതാമസക്കാരിയായിരിക്കണം) 8. വിവാഹം സംബന്ധിച്ച രേഖകൾ 9. വിവാഹതീയതിക്ക് ഒരു മാസം മുമ്പുള്ള തീയതിയിലെ അപേക്ഷ, അല്ലെങ്കിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷസഹിതം (മൂന്നു മാസത്തിന്) 10. കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയരുത്		
33.	കെട്ടിടനിർമ്മാണ പെർമിറ്റ് (എല്ലാ ഗാർഹികേതര കെട്ടിടങ്ങൾക്കും 100 മീറ്റർ സ്കയർ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങൾക്കും) CRZ ബാധകമായ സ്ഥലത്ത് KCZM അതോറിറ്റിക്ക് സമർപ്പിക്കേണ്ട അപേക്ഷയും അനുബന്ധരേഖകളും	1. നിർദ്ദിഷ്ട ഫോറത്തിലുള്ളതും 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ചതുമായ അപേക്ഷ 2. ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് വസ്തുവിന്റെ കരമടച്ച രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 4. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. കെട്ടിടനിർമ്മാണ പ്ലാനുകളുടെ 3 കോപ്പി. (കെട്ടിട ഉടമസ്ഥനും ലൈസൻസിയും ഒപ്പിട്ടത്) 6. ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്ട്രേഷൻ പുതുക്കിയ രേഖയുടെ പകർപ്പ് 7. ലൊക്കേഷൻ സ്കെച്ച് 8. റെയിൽവേയുടെ അതിരിൽനിന്നും നിശ്ചിത ദൂരപരിധി പാലിക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റിനും നമ്പർ നൽകുന്നതിനും റെയിൽവേയുടെ എൻ.ഒ.സി. ഹാജരാക്കണം. 9. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. (സങ്കേതം സോഫ്റ്റ് വെയർ)	അപേക്ഷാഫാറവില 20 രൂപ താമസ ആവശ്യത്തിന് 3 രൂപ നിരക്കിൽ താമസേതര ആവശ്യത്തിന് 5 രൂപ നിരക്കിൽ (KPBRപട്ടിക 1,2 പ്രകാരം)	15 ദിവസം -തീരദേശ പരിപാലന നിയമപരിധിയിൽ ഉള്ള കെട്ടിടങ്ങൾക്ക് KCZM അനുമതി ലഭിച്ചു കഴിഞ്ഞ്.
34.	പൊതുനിരത്തിനോടു ചേർന്നുള്ള മതിൽ നിർമ്മാണ പെർമിറ്റ്	1. നിർദ്ദിഷ്ട ഫോറത്തിലുള്ളതും 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ 2. ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് 3. സൈറ്റ് പ്ലാൻ	അപേക്ഷാഫാറവില 5 രൂപ പെർമിറ്റ് ഫീസ് മീറ്ററിന് 1 രൂപ	15 ദിവസം

പുറക്കാട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും ലഭിക്കുന്ന സേവനവിവരങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
		3. വസ്തുവിന്റെ കരമടച്ച രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 4. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. മതിൽനിർമ്മാണ പ്ലാനിന്റെ കോപ്പി 6. ലൊക്കേഷൻ സ്കെച്ച് 7. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം		
35.	കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന്	1. നിർദ്ദിഷ്ട ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ 2. ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ്. 3. വസ്തുവിന്റെ കരമടച്ച രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 4. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. റഗുലറൈസേഷൻ പ്ലാൻ 1 കോപ്പി. (കെട്ടിട ഉടമസ്ഥനും ലൈസൻസിയും ഒപ്പിട്ടത്) 6. ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്ട്രേഷൻ പുതുക്കിയ രേഖയുടെ പകർപ്പ് 7. ലൊക്കേഷൻ സ്കെച്ച് 8. 150 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന് മഴവെള്ള സംഭരണി നിർബ്ബന്ധം. 9. KCZMയ്ക്കുള്ള അപേക്ഷയും അനുബന്ധരേഖകളും	അപേക്ഷാഫാറവില 20 രൂപ ഫീസ്-പെർമിറ്റ് ഫീസിന്റെ ഇരട്ടി	30 ദിവസം -തീരദേശ പരിപാലന നിയമപരിധിയിൽ ഉള്ള കെട്ടിടങ്ങൾക്ക് KCZM അനുമതി ലഭിച്ചു കഴിഞ്ഞ്.
36.	കെട്ടിടനിർമ്മാണം എൻ.ഒ..സി.	1. എ2 ഫാറം 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചത് 2. വില്ലേജിൽ തനതുവർഷം കരമടച്ച രസീത് 3. കൈവശാവകാശ സാക്ഷ്യപത്രം 4. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. ലൊക്കേഷൻ സ്കെച്ച് 6. സൈറ്റ് പ്ലാൻ	ഇല്ല	15 ദിവസം

പുറക്കാട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും ലഭിക്കുന്ന സേവനവിവരങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
37.	പെർമിറ്റ് പ്രകാരം പണിത കെട്ടിടങ്ങൾക്ക് നമ്പർ നൽകൽ	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ 2. പെർമിറ്റിന്റെ കോപ്പി 3. കംപ്ലീഷൻ സർട്ടിഫിക്കറ്റ് 4. കംപ്ലീഷൻ പ്ലാൻ	കെട്ടിടനികുതി തറ വിസ്തീർണ്ണം അനുസരിച്ച്	15 ദിവസം
38.	കെട്ടിട നമ്പർ നൽകൽ (പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾ)	1. എ2 ഫാറം 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ചത് 2. വില്ലേജിൽ തനതുവർഷം കരമടച്ചിതിന്റെ രസീത് 3. കൈവശാവകാശ സർട്ടിഫിക്കറ്റ് 4. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്	കെട്ടിടനികുതി- തറ വിസ്തീർണ്ണം അനുസരിച്ച്	15 ദിവസം
39.	കെട്ടിടം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്	1. പഞ്ചായത്തിൽ കെട്ടിടനികുതി അടച്ച രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള വാർഡ് നമ്പരും വീട്ടുനമ്പരും രേഖപ്പെടുത്തി ഏതാവശ്യത്തിനാണെന്നു വ്യക്തമാക്കിക്കൊണ്ടുള്ള 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ	ഇല്ല	1 ദിവസം
40.	കെട്ടിടം ഉടമസ്ഥാവകാശ കൈമാറ്റം ചെയ്യൽ	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ 2. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3. വസ്തുവിന്റെ കരമടച്ച രസീത്	ഇല്ല	45 ദിവസം
31.	വാസയോഗ്യമായ വീടില്ല എന്നുള്ള സാക്ഷ്യപത്രം	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ	ഇല്ല	7 ദിവസം
42.	കെട്ടിട നികുതി ഒഴിവാക്കൽ	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് തയ്യാറാക്കിയ അപേക്ഷ. നികുതി ഒഴിവാക്കുന്നതിനുള്ള കാരണം വ്യക്തമാക്കി രേഖകൾ സഹിതം ഹാജരാക്കണം ഓരോ അർദ്ധവർഷത്തേക്കും പ്രത്യകംഅപേക്ഷ	ഇല്ല	30 ദിവസം
43.	സ്ഥിരതാമസ സാക്ഷ്യപത്രം	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് തയ്യാറാക്കിയ അപേക്ഷ. 2. സ്ഥിരതാമസം തെളിയിക്കുന്ന രേഖകൾ	ഇല്ല	3 ദിവസം

പുറക്കാട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും ലഭിക്കുന്ന സേവനവിവരങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
44.	ബി.പി.എൽ. സാക്ഷ്യപത്രം (ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക്)	1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ 2. റേഷൻ കാർഡിന്റെ പകർപ്പ്	ഇല്ല	3 ദിവസം
45.	ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം	5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ	ഇല്ല	7 ദിവസം
46.	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-തൊഴിൽ കാർഡ്	1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 2. റേഷൻ കാർഡിന്റെ കോപ്പി 3. തിരിച്ചറിയൽ കാർഡിന്റെ കോപ്പി 4. ആധാർ കാർഡിന്റെ കോപ്പി 5. നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് ബുക്കിന്റെ കോപ്പി	ഇല്ല	3 ദിവസം
47.	തൊഴിൽ ലഭ്യമാക്കുന്നതിന്	1. നിശ്ചിത ഫോറത്തിൽ/വെള്ളക്കടലാസിൽ ഉള്ള അപേക്ഷ 2. തൊഴിൽ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയുടെ കോപ്പി	ഇല്ല	14 ദിവസം

പുറക്കാട് സംയോജിത ശിശുവികസന ഓഫീസിൽ (ഐ.സി.ഡി.എസ്.) ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്ത 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകൽ (500 കലോറി ഊർജ്ജം,12.15 ഗ്രാം പ്രോട്ടീൻ)	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും
2.	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്ത 6 മാസം മുതൽ 3 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പാചകം ചെയ്ത ആഹാരം നൽകൽ (അനുപൂരക പോഷകാഹാരം)	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും
3.	സാധാരണ 500 കലോറി ഊർജ്ജം+ 12.15 ഗ്രാം പ്രോട്ടീൻ. പോഷകാഹാരക്കുറവുള്ളവർക്ക് 800 കലോറി ഊർജ്ജം+ 20.25 ഗ്രാം പ്രോട്ടീൻ.	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും
4.	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുന്ന3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ സ്കൂൾ വിദ്യാഭ്യാസം	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും
5.	ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം (500 കലോറി ഊർജ്ജം+ 20.25 ഗ്രാം പ്രോട്ടീൻ.)	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും

പുറക്കാട് സംയോജിത ശിശുവികസന ഓഫീസിൽ (ഐ.സി.ഡി.എസ്.) ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
6.	കൗമാരക്കാരായ പെൺകുട്ടികൾക്ക് സൈക്കോസോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം)	അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുക	ഇല്ല	സ്കൂളുകളിൽ എല്ലാ ദിവസവും, അങ്കണവാടികളിൽ സേവനം ആവശ്യമായി വരുമ്പോൾ (രണ്ട് ആഴ്ചയിൽ ഒരിക്കൽ)
7.	അങ്കണവാടികളിലേക്ക് ആവശ്യമായ മെഡിസിൻ കിറ്റുകളുടെ വിതരണം.(അങ്കണവാടി വർക്കേഴ്സിനു കൈകാര്യം ചെയ്യാൻ കഴിയുന്ന 10 ഇനം മെഡിസിൻസ്) 1. പാരസെറ്റാമോൾ ഗുളിക-500 മി.ഗ്രാം 2. പാരസെറ്റാമോൾ സിറപ്പ്-125 മി.ഗ്രാം, 60 മി.ഗ്രാം 3. ആൽബന്റസോൾ ഗുളിക-400 മി.ഗ്രാം 4. ഒ.ആർ.എസ്. പൗഡർ 5. അയൺ ആൻഡ് ഫോളിക് ആസിഡ് ഗുളിക(പീഡിയാട്രിക്) 7. പോവിഡോൺ അയഡിൻ ഓയിന്റ് മെന്റ് 8. ബൻസൈനൽ ബൽസോയറ്റ് ആപ്ലീക്കേഷൻസ് 500 മില്ലി 9. വൈറ്റ പിൻഡ് ഓയിന്റ്മെന്റ്-15 മില്ലി 10. കാർമിനേറ്റീവ് മിക്സചർ-500 മില്ലി	അങ്കണവാടി വർക്കറെ സമീപിക്കുക	ഇല്ല	എല്ലാ പ്രവൃത്തിദിവസങ്ങളിലും
8.	ആശ്വാസകിരണം പദ്ധതി (ശയ്യാവലംബരെ സഹായിക്കുന്നതിനുള്ള സഹായ പദ്ധതി)	നിശ്ചിത അപേക്ഷാഫാറത്തിൽ അപേക്ഷിക്കുക. (ഐ.സി.ഡി.എസ്. ഓഫീസിൽനിന്നോ അങ്കണവാടി വർക്കർമാരിൽ നിന്നോ ഫോറം ലഭിക്കും. രോഗിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, രോഗിയുടെയും അപേക്ഷകന്റെയും ബി.പി.എൽ. റേഷൻകാർഡ്/വരുമാന സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി, രോഗിയുടെയും അപേക്ഷകന്റെയും ആധാറിന്റെ അറ്റസ്റ്റഡ് കോപ്പി, അപേക്ഷകന്റെ പാസ്ബുക്കിന്റെ അറ്റസ്റ്റഡ് കോപ്പി)	ഇല്ല	45 ദിവസം

പുറക്കാട് സംയോജിത ശിശുവികസന ഓഫീസിൽ (ഐ.സി.ഡി.എസ്.) ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
9.	സ്നേഹസ്പർശം (അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളായ സ്ത്രീകൾക്കുള്ള ധനസഹായ പദ്ധതി)	അവിവാഹിതയാണെന്നു തെളിയിക്കാനുള്ള വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, ആധാർ പകർപ്പ്, ബി.പി.എൽ. റേഷൻകാർഡ് പകർപ്പ്, വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ എല്ലാം അറ്റസ്റ്റഡ് കോപ്പി, നിശ്ചിത അപേക്ഷാഫാറം ഐ.സി.ഡി.എസ്. ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.	ഇല്ല	45 ദിവസം
10.	സ്നേഹപൂർവ്വം പദ്ധതി (മാതാപിതാക്കളിൽ രണ്ടുപേരുമോ ഒരാളോ നഷ്ടപ്പെട്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ സ്വഭവനങ്ങളിലോ ബന്ധുഭവനങ്ങളിലോ സംരക്ഷിച്ച വിദ്യാഭ്യാസം നൽകാൻ സഹായകമായ പദ്ധതി)	നിശ്ചിത അപേക്ഷാഫാറത്തിൽ അപേക്ഷിക്കുക (ഐ.സി.ഡി.എസ്. ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.) മരിച്ചുപോയ രക്ഷകർത്താവിന്റെ മരണസർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ്, സംരക്ഷണം നൽകുന്ന ആളിന്റെ ആധാർ കാർഡിന്റെ പകർപ്പ്, ബി.പി.എൽ. റേഷൻ കാർഡ്/ വരുമാനസർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെയെല്ലാം അറ്റസ്റ്റഡ് കോപ്പി.	ഇല്ല	45 ദിവസം
11.	താലോലം പദ്ധതി (18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പ്ലാസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കം ആവശ്യമുള്ള രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി)	മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	5 പ്രവൃത്തി ദിവസം
12.	ക്യാൻസർ സുരക്ഷാപദ്ധതി (18 വയസ്സു വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ക്യാൻസർ ചികിത്സാപദ്ധതി)	മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	5 പ്രവൃത്തി ദിവസം

പുറക്കാട് സംയോജിത ശിശുവികസന ഓഫീസിൽ (ഐ.സി.ഡി.എസ്.) ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
12.	സമാശ്വാസ പദ്ധതി (1) മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ. വിഭാഗത്തിൽ പെടുന്ന രോഗികൾക്കായുള്ള ധനസഹായപദ്ധതി	മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	30 ദിവസം
13.	സമാശ്വാസ പദ്ധതി (2) മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ. വിഭാഗത്തിൽ പെടുന്ന രോഗികൾക്കായുള്ള ധനസഹായപദ്ധതി	മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി അപേക്ഷാഫാറം ഓഫീസിൽനിന്ന് ലഭിക്കുന്നതാണ്	ഇല്ല	30 ദിവസം
14.	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (40% ന് മുകളിൽ വികലാംഗത്വം ഉള്ളവർക്ക്)	മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി അപേക്ഷാഫാറം ഓഫീസിൽനിന്ന് ലഭിക്കുന്നതാണ്	ഇല്ല	30 പ്രവൃത്തി ദിവസം
15.	സ്ത്രീ കുടുംബനാഥയായിട്ടുള്ളവരുടെ മക്കൾക്ക് സ്കോളർഷിപ്പ് (സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ നൽകണം.)	നിശ്ചിത അപേക്ഷാഫാറം വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ്ബുക്ക് (രക്ഷാകർത്താവിന്റെയും കുട്ടിയുടെയും ജോയിന്റ് അക്കൗണ്ട്) എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	30 പ്രവൃത്തി ദിവസം

പുറക്കാട് സംയോജിത ശിശുവികസന ഓഫീസിൽ (ഐ.സി.ഡി.എസ്.) ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
16.	സ്ത്രീ കുടുംബനാഥയായിട്ടുള്ളവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം (സാമൂഹ്യ നീതി ആഫിസർക്ക് അപേക്ഷ നൽകണം)	നിശ്ചിത അപേക്ഷാഫാറം, സ്ത്രീ കുടുംബനാഥയാണെന്നുള്ള വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്/ബി.പി.എൽ. / വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് (വിവാഹത്തിന് ശേഷം വിവാഹ ക്ഷണക്കത്ത്), വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പാസ്ബുക്ക് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	30 ദിവസം
17.	വികലാംഗരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം / വികലാംഗയായ പെൺകുട്ടി (സാമൂഹ്യ നീതി ആഫിസർക്ക് അപേക്ഷ നൽകണം)	നിശ്ചിത അപേക്ഷാഫാറം, വികലാംഗ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, വിവാഹ സർട്ടിഫിക്കറ്റ് , വിവാഹ ക്ഷണക്കത്ത്, വയസ് തെളിയിക്കുന്ന രേഖ, പാസ്ബുക്ക് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	30 ദിവസം
18.	മിശ്ര വിവാഹിതർക്ക് ധനസഹായം (സാമൂഹ്യ നീതി ആഫിസർക്ക് അപേക്ഷ നൽകണം)	നിശ്ചിത അപേക്ഷാഫാറം, റേഷൻ കാർഡ്, ആധാർ കാർഡ്, മിശ്രവിവാഹതരാണെന്നുള്ള വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, പാസ്ബുക്ക് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പി	ഇല്ല	30 പ്രവൃത്തി ദിവസം

പുറക്കാട് കൃഷിഭവനിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	മണ്ണുപരിശോധന (കൃഷിഭവൻ പരിധിയിൽ കൃഷി ചെയ്യുന്ന കർഷകർ)	ശാസ്ത്രീയമായി ശേഖരിച്ച മണ്ണിന്റെ സാമ്പിൾ, അപേക്ഷ, റിസൾട്ട് അറിയേണ്ട വിളകളുടെ വിവരം	ഇല്ല	മണ്ണ്, പരിശോധനാ ലാബിൽ എത്തിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനുള്ളിൽ റിസൾട്ട് ലഭ്യമാകും
2.	സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളയ്ക്ക് വിളനാശത്തിനുള്ള ആനുകൂല്യം.	വിള ഇൻഷ്വറൻസ് പദ്ധതി അംഗമാകണം. വന്യമൃഗങ്ങളുടെ ആക്രമണംമൂലം വിളനാശം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകണം	ഇല്ല	ക്ലെയിമിന്റെ സ്വഭാവമനുസരിച്ച് പരമാവധി 3 മാസത്തിനകം ആനുകൂല്യം ലഭിക്കും
3.	വിത്ത് നടീൽ വസ്തുക്കൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വില്പന	നേരിട്ട് കൃഷിഭവനിൽ അപേക്ഷ നൽകുക ആനുകൂല്യം ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നു	ഇല്ല	ഗവ. ഫാം, അംഗീകൃത ഏജൻസി എന്നിവയിൽനിന്നുള്ള നടീൽ വസ്തുക്കളുടെ ലഭ്യത അനുസരിച്ച്
4.	കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്	ഇ പേയ്മെന്റ് അപേക്ഷ, നികുതിച്ചീട്ട്	ഇല്ല	ലഭ്യതയുടെ അടിസ്ഥാനത്തിൽ
5.	ജലസേചനത്തിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്	30 സെന്റ് വസ്തു, കിണർ, കുളം, പമ്പ് സെറ്റ്, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുള്ള കർഷകൻ	ഇല്ല	വൈദ്യുതി ബോർഡിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് സേവനം അനുവദിക്കുന്നു.
6.	തദ്ദേശസ്ഥാപനങ്ങളുടെ പ്രൊജക്ട് പ്രകാരമുള്ള ആനുകൂല്യം	പ്രോജക്ടിൽ നിർദ്ദേശിക്കുന്നതനുസരിച്ച് ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കുന്നു	ഇല്ല	പ്രോജക്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം

പുറക്കാട് കൃഷിഭവനിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
7.	രാസവളം/കീടനാശിനി യൂണിറ്റ് തുടങ്ങിയവ	നിർദ്ദിഷ്ട ഫോമിൽ അപേക്ഷിക്കുക	കീടനാശിനി 2000 രൂപ വളം- 300 രൂപ.....	45 ദിവസം
8.	കേരള കർഷകൻ മാസിക അംഗത്വം	100% വാർഷിക ഫീസ്	100 രൂപ	എച്ച്.എഫ്.ബി. യിൽ തുക അടച്ച് രണ്ടു മാസത്തിനകം
9.	വിത്ത് ഗുണമേന്മാ പരിശോധന	നിർദ്ദിഷ്ട ഫാറത്തിൽ, തിരുവനന്തപുരത്തും ആലപ്പുഴയിലും പ്രവർത്തിക്കുന്ന വിത്തു പരിശോധന ശാലയിൽ സാമ്പിളുകൾ സമർപ്പിക്കുക	ഓരോ സാമ്പിളിനും 10 രൂപ	ലഭ്യതയനുസരിച്ച് 7 ദിവസത്തിനകം
10.	കൃഷി വകുപ്പുമായി ബന്ധപ്പെട്ട ആത്മാ ലീഡ്സ്, എസ്.എച്ച്.എം. എന്നിവയുടെ പദ്ധതികൾ	ഇ പേയ്മെന്റ് അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ	ഇല്ല	മൂന്നു മാസം

പുറക്കാട് ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	മരുന്നകൾ കൊണ്ടു മാറ്റുവാനോ കുറയ്ക്കുവാനോ പറ്റുന്ന എല്ലാവിധ രോഗങ്ങൾക്കും ചികിത്സയും ഉപദേശവും	രോഗി നേരിൽ വന്ന് പേര് രജിസ്റ്റർ ചെയ്തശേഷം ഡോക്ടറെ കാണണം	ഒ.പി. ടിക്കറ്റ് ഫീസ് 2 രൂപ	സ്ഥാപനത്തിൽ എത്തുന്ന മുൻഗണനാക്രമത്തിൽ
2.	കുട്ടികൾക്കുള്ള രോഗപ്രതിരോധ ഔഷധങ്ങൾ	കുട്ടിയെ കൊണ്ടുവന്ന് പേര് രജിസ്റ്റർ ചെയ്യുക	ഒ.പി. ടിക്കറ്റ് ഫീസ് 2 രൂപ	സ്ഥാപനത്തിൽ എത്തുന്ന മുൻഗണനാക്രമത്തിൽ
3.	പ്രതിരോധ മരുന്നുകൾ	മരുന്ന് ആവശ്യമുള്ളവർ നേരിൽ വന്ന് രജിസ്റ്റർ ചെയ്യണം	ഒ.പി. ടിക്കറ്റ് ഫീസ് 2 രൂപ	സ്ഥാപനത്തിൽ എത്തുന്ന മുൻഗണനാക്രമത്തിൽ
4.	മെഡിക്കൽ ക്യാമ്പ്	തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള ശുപാർശയോടെ മെഡിക്കൽ ആഫീസർക്ക് അപേക്ഷ നൽകി ഡോക്ടർ നിർദ്ദേശിക്കുന്ന മുന്നൊരുക്കങ്ങൾ ചെയ്യണം	ഇല്ല	മുന്നൊരുക്കങ്ങൾ പൂർത്തിയായി ഏഴു ദിവസങ്ങൾക്കകം
5.	മെഡിക്കൽ സർട്ടിഫിക്കറ്റ്	ഈ സ്ഥാപനത്തിൽനിന്നു ചികിത്സിച്ചതിന്റെ രേഖ സഹിതം നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	5 പ്രവൃത്തി ദിവസം
6.	ഫിറ്റ്നസ് ഹെൽത്ത് സർട്ടിഫിക്കറ്റ്	തിരിച്ചറിയൽ കാർഡ് സഹിതം നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	5 പ്രവൃത്തി ദിവസം
7.	സ്വഭാവ സർട്ടിഫിക്കറ്റ്	വ്യക്തിപരമായി പരിചയമുള്ളവർക്കുമാത്രം, നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	5 പ്രവൃത്തി ദിവസം
8.	ഫോട്ടോ സാക്ഷ്യപ്പെടുത്തൽ	വ്യക്തിപരമായി പരിചയമുള്ളവർക്കുമാത്രം നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	5 പ്രവൃത്തി ദിവസം

പുറക്കാട് ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
9.	ലൈഫ് സർട്ടിഫിക്കറ്റ്	തിരിച്ചറിയൽ കാർഡ് സഹിതം നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	അന്നേദിവസം
10.	പ്രായം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്	തിരിച്ചറിയൽ കാർഡ് സഹിതം നേരിൽവന്ന് മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം	ഇല്ല	അന്നേദിവസം
11.	സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തൽ	അസ്സൽ സർട്ടിഫിക്കറ്റും വ്യക്തതയുള്ള പകർപ്പും കൊണ്ടുവരണം	ഇല്ല	അന്നേദിവസം
12.	മെഡിക്കൽ ഫിറ്റ്നസ് സാക്ഷ്യപത്രം (സേവനാവകാശ നിയമപ്രകാരം)	അപേക്ഷ, ഒ.പി. ടിക്കറ്റ്	ഇല്ല	5 ദിവസം

പുറക്കാട ഗവ. ആയുർവ്വേദ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ (രാവിലെ 9 മുതൽ 2 മണി വരെ)

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	രോഗികൾക്ക് സൗജന്യമായി ചികിത്സയും ഔഷധവും നൽകുക		ഇല്ല	അതേദിവസം
2.	സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തൽ	അസ്സൽ സർട്ടിഫിക്കറ്റും വ്യക്തതയുള്ള പകർപ്പും കൊണ്ടു വരണം	ഇല്ല	അതേദിവസം ഉച്ചയ്ക്ക് 12.30 മുതൽ 2 മണിവരെ
3.	മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും നൽകുന്നു.	ഡിസ്പെൻസറിയിലെ ചികിത്സയിലുള്ള രോഗികൾക്ക് ചികിത്സയിലുള്ള കാലയളവിലേക്ക് മാത്രം ഒ.പി. ടിക്കറ്റ് റേഷൻ കാർഡ്	ഇല്ല	അതേദിവസം ഉച്ചയ്ക്ക് 12.30 മുതൽ 2 മണിവരെ

പുറക്കാട് ഗവ. വെറ്റിനറി ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	പക്ഷി, മൃഗാദികളുടെ ചികിത്സ	നേരിട്ട്	കന്നുകാലികൾക്ക് സൗജന്യം ഓമന മൃഗങ്ങൾക്ക് 10 രൂപ	മുൻഗണനാക്രമത്തിൽ അപ്പോൾ തന്നെ
2.	പക്ഷിമൃഗാദികൾക്ക് രോഗപ്രതിരോധ കുത്തിവെയ്പുകൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുക	നേരിട്ട്	ഓമന മൃഗങ്ങൾക്ക് 15 രൂപ	മുൻഗണനാക്രമത്തിൽ അപ്പോൾ തന്നെ
3.	പശു, എരുമ എന്നിവയ്ക്ക് കൃത്രിമ ബീജാധാന സൗകര്യം	നേരിട്ട്	സൗജന്യം	സ്ഥാപനത്തിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ഒരു മണിക്കൂറിനകം
4.	ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് പ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക			എത്രയും പെട്ടെന്ന്
5.	കന്നുകാലികളെ ഇൻഷർ ചെയ്യുക	നേരിട്ട്	സർക്കാർ നിബന്ധനകൾക്ക് അനുസരിച്ച്	
6.	മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കുക			3 ദിവസത്തിനകം
7.	സ്വയംതൊഴിൽ രംഗത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക	നേരിട്ട്		
8.	ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ	ഗ്രാമസഭ ലിസ്റ്റ് പ്രകാരം		

പുറക്കാട് ഗവ. എൽ.പി. സ്കൂളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്	5 രൂപ സ്റ്റാമ്പ് പതിച്ച അപേക്ഷ	ഇല്ല	3 ദിവസം

പുറക്കാട് മത്സ്യഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
1.	മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസ് നൽകലും	നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോമിൽ അപേക്ഷ നൽകുക. യാനം നിർമ്മിച്ചു നൽകിയതിന്റെ ഒർജിനൽ രസീതിന്റെ പകർപ്പ് എഞ്ചിൻ വാങ്ങിയ ഒർജിനൽ രസീതിന്റെ പകർപ്പ് മേൽവിലാസം തെളിയിക്കുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്ഷേമനിധി വിഹിതമടച്ച രസീതിന്റെ പകർപ്പ് അപേക്ഷകന്റെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ ഒന്നിലധികം ഉടമസ്ഥരുണ്ടെങ്കിൽ അവർ ഓരോരുത്തരും എഴുതി നൽകിയ സത്യവാങ്മൂലം ഇൻഷർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ	യാനത്തിന്റെ വലുപ്പവും തരവുമനുസരിച്ച് അതാതു കാലയളവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിശ്ചിത ഫീസ് ലൈസൻസിനും രജിസ്ട്രേഷനുമായി ഒടുക്കണം	അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക്
2.	മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് പുതുക്കി നൽകൽ	ലൈസൻസ് കാലാവധി അവസാനിച്ച യാനങ്ങളുടെ ഉടമസ്ഥർ ലൈസൻസ് പുതുക്കി നൽകുന്നതിന് വെള്ളക്കടലാസിൽ അപേക്ഷ നൽകണം. ഒർജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മുൻവർഷത്തെ ലൈസൻസ് സർട്ടിഫിക്കറ്റ് ഇവയുടെ പകർപ്പ് വള്ളം/വഞ്ചി ഇവയുടെ ക്ഷേമനിധി വിഹിതമടച്ച ബന്ധപ്പെട്ട രേഖയുടെ പകർപ്പ് യാനത്തിന്റെ ഫോട്ടോ ഇവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.	ലൈസൻസ് പുതുക്കി നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കണം	അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക്
3.	സമ്പാദ്യ സമാശ്വാസ പദ്ധതി	നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ പദ്ധതി തുടങ്ങുന്ന സമയത്ത് അപേക്ഷ നൽകുക ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഇവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. കടലോര മത്സ്യതൊഴിലാളികളോടൊപ്പം അനുബന്ധ മത്സ്യ തൊഴിലാളികൾക്കും ടി പദ്ധതിയിൽ ചേരാവുന്നതാണ്.	പദ്ധിതി വിഹിതമായി 1500 രൂപ അടയ്ക്കുക. തിരികെ 4500 രൂപ ലഭിക്കും.	

പുറക്കാട് മത്സ്യഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
4.	മത്സ്യതൊഴിലാളി ഭവന നിർമ്മാണ പദ്ധതി	സ്വന്തമായി രണ്ടു സെന്റിൽ കുറയാതെ ഭൂമിയുള്ളവരും ക്ഷേമനിധിയിൽ അംഗത്വമുള്ളവരുമായ കടലോര മത്സ്യ തൊഴിലാളികൾക്ക് അപേക്ഷ നൽകാം. അനുബന്ധതൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കുവാൻ കഴിയുകയില്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം, ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, വസ്തുവിന്റെ തനതുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽനിന്നും ഭവനനിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ളതിന്റെ സാക്ഷ്യപത്രം, വരുമാന സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ ഒന്നാം പേജിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ഭാര്യയും ഭർത്താവും ചേർന്നുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	ഇല്ല	അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക്
5.	കടൽഭിത്തിയിൽ നിന്ന് 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഭവനമുള്ളവരും 200 മീറ്ററിനു വെളിയിൽ വസ്തു ഉള്ളവരുമായവർക്ക് ഭവന നിർമ്മാണത്തിന് സാമ്പത്തികസഹായം	നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം, ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, വസ്തുവിന്റെ തനതുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, റേഷൻകാർഡിന്റെ ഒന്നാം പേജിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ഭാര്യയും ഭർത്താവും ചേർന്നുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	ഇല്ല	
6.	ഭൂരഹിത മത്സ്യതൊഴിലാളികൾക്ക് ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്ന പദ്ധതി	നിശ്ചിത മാതൃകയിലുള്ള സൗജന്യ അപേക്ഷാഫോറത്തിൽ അപേക്ഷ നൽകുക ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, റേഷൻകാർഡിന്റെ ഒന്നാം പേജിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ഭാര്യയും ഭർത്താവും ചേർന്നുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	ഇല്ല	

പുറക്കാട് മത്സ്യഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
7.	ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്ന പദ്ധതി	നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ നൽകുക ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, ഭവന നിർമ്മാണത്തിനോ ഭവന അറ്റകുറ്റപ്പണിക്കോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ്, വസ്തുവിന്റെ തനതുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, റേഷൻകാർഡിന്റെ ഒന്നാം പേജിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ഭാര്യയും ഭർത്താവും ചേർന്നുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	നിശ്ചിത ഫീസ്	
8.	ഭവന വൈദ്യുതീകരണ പദ്ധതി	മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമുള്ള കടലോര മത്സ്യതൊഴിലാളികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ നൽകുക ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷ സമർപ്പിക്കുന്ന കാലയളവിലെ വൈദ്യുതി ബിൽ,അപേക്ഷനും ഭാര്യയും ചേർന്നുള്ള രണ്ട് പാസ് പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. റേഷൻ കാർഡിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്	ഇല്ല	
9.	ട്രോൾ ബാൻ കാലയളവിലെ സൗജന്യ റേഷൻ വിതരണം	നിശ്ചിത മാതൃകയിലുള്ള സൗജന്യ അപേക്ഷാഫോറത്തിൽ അപേക്ഷ നൽകുക	ഇല്ല	
10.	ടൊയ്ലറ്റ് നിർമ്മാണ പദ്ധതി	അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ അപേക്ഷ നൽകുക ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, വീടിനോ ടൊയ്ലറ്റിനോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം, വാർഷികവരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരമടച്ച രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ഭാര്യയും ഭർത്താവും ചേർന്നുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ	ഇല്ല	

പുറക്കാട് മത്സ്യഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം / ഹാജരാക്കേണ്ട രേഖകൾ	ഫീസ്	സേവനം നൽകുന്ന സമയ പരിധി
11.	സ്വകാര്യ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി	മത്സ്യകർഷക വികസന ഏജൻസി മുഖേന സ്വകാര്യവ്യക്തിയുടെ ജലാശയങ്ങളിലും പൊതു ജലാശയങ്ങളിലും മത്സ്യകൃഷി നടത്തുന്നതിന് മത്സ്യകുഞ്ഞുങ്ങളെയും സബ്സിഡിയും നൽകുന്നു. പൂരിപ്പിച്ച അപേക്ഷ. മത്സ്യകൃഷിനടത്തുന്ന സ്ഥലത്തിന്റെകരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	നിശ്ചിത ഫീസ്	
12.	സാഫ് മുഖേന മത്സ്യതൊഴിലാളി കുടുംബത്തിലെ വനിതകൾക്ക് സൂക്ഷ്മസംരംഭം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം	പൂരിപ്പിച്ച അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. റേഷൻ കാർഡിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ് (സ്വന്തമോ കുടുംബത്തിൽ ആരുടെയെങ്കിലുമോ).	ഇല്ല	

7. പരാതി പരിഹാര സംവിധാനങ്ങൾ

ഒരു സേവനം ഉദ്ദേശിക്കപ്പെട്ട സമയപരിധിക്കകം ഒരപേക്ഷകന് ലഭ്യമാക്കാൻ ന്യായമായ കാരണങ്ങളാൽ സാധിക്കുന്നില്ല എങ്കിൽ ആ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷകനെ പ്രസ്തുത സമയപരിധിക്കകം പുതുക്കിയ സമയപരിധി സമയം സഹിതം അറിയിക്കേണ്ടതുണ്ട്. സേവനം ലഭ്യമാക്കുന്നതിൽ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നതായി അപേക്ഷകനു തോന്നുന്ന പക്ഷം അയാൾക്ക് തന്റെ പരാതി പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതും അപ്രകാരം പരാതി ലഭിച്ചാൽ പഞ്ചായത്ത് പ്രസിഡന്റ് അത് പരിശോധിച്ച് തീർപ്പാക്കേണ്ടതുമാണ്.

പൗരാവകാശ രേഖ പ്രകാരം തനിക്ക് അർഹമായ ഒരു സേവനം ലഭ്യമാക്കുന്നതിന് മനപ്പൂർവ്വമായ വീഴ്ചയോ കാലതാമസമോ വരുത്തിയെന്ന് ഒരു പൗരൻ കരുതുന്ന പക്ഷം അയാൾക്ക് ബന്ധപ്പെട്ട പഞ്ചായത്ത് / അംഗം / ഉദ്യോഗസ്ഥൻ ആക്ടിലെ എഫ് വകുപ്പ് (ഇ) ഖണ്ഡികയിൽ നിർവ്വചിച്ചിട്ടുള്ള ദുർഭരണത്തിന് ഉത്തരവാദിയാണെന്ന് ആരോപിച്ചുകൊണ്ട് ഓംബുഡ്സ്മാൻ മുൻപാകെ പരാതി നൽകാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ വിലാസം

ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ് (നാലാം നില)
ട്രീഡാ ബിൽഡിംഗ്സ്, യൂണിവേഴ്സിറ്റി പി.ഒ. തിരുവനന്തപുരം
ഫോൺ : 04712333542, 2333541

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ റിവിഷൻ, നിയമസാദ്ധ്യത എന്നിവ പരിഗണിക്കുകയും തീർപ്പ് കല്പിക്കുകയുമാണ് ട്രൈബൂണലിന്റെ ചുമതല. പരാതികൾ ഏത് ഉത്തരവിനെതിരെയുള്ളതാണോ അതിന്റെ തീയതി മുതൽ 30 ദിവസത്തിനകം ഫാറം 'സി'ൽ അപേക്ഷ നൽകണം.

പരാതി പരിഹാര സമിതി

പഞ്ചായത്ത് നിവാസികളുടെ ന്യായമായ പരാതികൾ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതി പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതാണ്. ആലപ്പുഴ ജില്ലാ നിയമസഹായ സമിതിയുടെ പ്രതിനിധി പഞ്ചായത്തിൽ ഹാജരാകുന്ന ദിവസങ്ങളിലും തങ്ങളുടെ പരാതികൾ ബോധിപ്പിക്കാവുന്നതാണ്.

8. വിവരാവകാശ നിയമം-2015

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിന് വിവരാവകാശനിയമം അനുശാസിക്കുന്നു. രാജ്യസുരക്ഷക്ക് ഭീഷണിയാകുന്നതിനും ചില നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷണത്തിനുമുള്ള വിവരങ്ങൾ ഒഴിച്ച് പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ സംരക്ഷണത്തിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങളുടെ പകർപ്പ് രേഖാമൂലമോ ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ മുതലായവയുടെ രൂപത്തിലോ പകർത്തി ലഭിക്കുന്നതിന് അപേക്ഷ ഫീസ് 10 രൂപ പ്രകാരവും പകർപ്പുകൾക്ക് ചട്ടപ്രകാരമുള്ള ഫീസും ഒടുക്കേണ്ടതാണ്.

20 ദിവസങ്ങൾക്കുള്ളിൽ വിവരങ്ങളും പകർപ്പുകളും ലഭ്യമാക്കുന്നതാണ്. 30 ദിവസത്തിനുള്ളിൽ വിവരങ്ങൾ ലഭ്യമാക്കിയില്ല എങ്കിൽ ഉയർന്ന അധികാരതലത്തിൽ അപ്പീൽ നൽകാവുന്നതാണ്.

പുറക്കാട് ഗ്രാമപഞ്ചായത്തിലെ വിവരാവകാശ നിയമം അനുസരിച്ചുള്ള അധികാരികൾ

പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ
ശ്രീ. സജ്ജാദ് എസ്.എസ്.
സെക്രട്ടറി
പുറക്കാട് ഗ്രാമപഞ്ചായത്ത്
ഫോൺ : 0477 2272031

അസി. പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ
ശ്രീമതി ബിന്ദുകുമാരി
ഹെഡ് ക്ലർക്ക്
പുറക്കാട് ഗ്രാമപഞ്ചായത്ത്
ഫോൺ :0477 2272031

അപ്പീൽ അധികാരി
ശ്രീ. സി.കെ. ഷിബു
ഒന്നാം അപ്പിൽ അധികാരി, അസി. ഡയറക്ടർ
ജോ. ഡയറക്ടരുടെ കാര്യാലയം, തദ്ദേശ സ്വയംഭരണവകുപ്പ്, ആലപ്പുഴ.